## പാഠം 1

# ദൈവത്തിന്റെ കുഞ്ഞാട്

**വേദഭാഗം** : യോഹന്നാൻ 1:1–37, മത്തായി 3:1–16; മർക്കോ.1:1–11, ലൂക്കോ. 3:1–22

**തങ്കവാക്യം** : യോഹന്നാൻ 1:29–30

*പിറ്റന്നാൾ യേശു തന്റെ അടുക്കൽ വരുന്നത് അവൻ കണ്ടിട്ട്: ഇതാ, ലോകത്തിന്റെ പാപം ചുമക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്. എന്റെ പിന്നാലെ ഒരു പുരുഷൻ വരുന്നു; അവൻ എനിക്കു മുമ്പേ ഉണ്ടായിരുന്നതു കൊണ്ട് എനിക്കു മുമ്പനായിത്തീർന്നു എന്നു ഞാൻ പറഞ്ഞവൻ ഇവൻതന്നെ.*

**പാഠം**

ഇന്ന് നമുക്ക് ഒരു വിശിഷ്ഠ അതിഥിയെ പരിചയപ്പെടാം. അദ്ദേഹത്തെ പരിചയപ്പെടുത്തുവാനായി ആരെയെങ്കിലും ഒരാളെ തെരഞ്ഞെടുക്കാം. തെരഞ്ഞെടുക്കപ്പെട്ട വ്യക്തി ചുവടെ കോളത്തിൽ ചേർത്തിരിക്കുന്ന വേദഭാഗങ്ങൾ മറ്റുള്ളവരെ വായിച്ചു കേൾപ്പിക്കുകയോ കൂടെയുള്ളവരെക്കൊണ്ട് വായിപ്പിക്കുകയോ ചെയ്യുക.

യോഹന്നാൻ പുരുഷാരത്തിനു പരിചയപ്പെടുത്തിക്കൊടുത്ത മഹത്വ്യക്തി ആരായിരുന്നു? അദ്ദേഹത്തെ പരിചയപ്പെടുത്തുന്നതിന് യോഹന്നാൻ ഉപയോഗിച്ച പദങ്ങൾ എന്തായിരുന്നുവെന്ന് വേദപുസ്തകം നോക്കി പറയാമോ? യോഹന്നാന്റെ

**ഫോക്കസ് /FOCUS**

**യേശുവിനെ രക്ഷിതാവായി സ്വീകരിച്ച് അവന്റെ സാക്ഷികൾ/ ശിഷ്യന്മാർ ആകുക**

**Accept Jesus Christ as personal Savior and be His disciples/ witnesses**

## Lesson 1

# THE LAMB OF GOD

**Scripture** : John 1:1-37, Matthew 3:1-16, Mark 1:1-11; Luke 3:1-22

**Memory verse**: John 1:29, 30

*The next day John saw Jesus coming toward him and said, "Look, the Lamb of God, who takes away the sin of the world! This is the one I meant when I said, 'A man who comes after me has surpassed me because he was before me.'*

**Lesson**

Let us meet an honorable guest today and we select one among us to introduce him to others. The selected student has to either read out the scripture from the table or ask others to read.

Who was the important person John the Baptist introduced to the people? Can you tell from the Bible the names he used to introduce Him? Read the gospel of John 1: 29, 36. John the Baptist said: behold, the Lamb of God, who takes away the sin of the world!

Who was the mother of John the Baptist?

സുവിശേഷം 1:29, 36 എന്നീ വാക്യങ്ങൾ നോക്കുക. യോഹന്നാൻ വിളിച്ചു പറയുകയാണ് ഇതാ ലോകത്തിന്റെ പാപത്തെ ചുമക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്.

യോഹന്നാന്റെ അമ്മയുടെ പേരെന്തായിരുന്നു, അപ്പൻ ആരായിരുന്നു. (ലൂക്കോ. 1:57-59) യോഹന്നാന്റെ അമ്മ എലിശബേത്തും, യേശുവിന്റെ അമ്മ മറിയയും ചാർച്ചക്കാരായിരുന്നു. അതിനാൽ യേശുവിനെ സംബന്ധിച്ച് ചില കാര്യങ്ങൾ യോഹന്നാൻ തന്റെ മാതാപിതാക്കളിൽ നിന്ന് അറിഞ്ഞിരുന്നുവെന്ന് നമുക്ക് അനുമാനിക്കാം. എന്നാൽ യേശുവിനെ യോഹന്നാൻ ശരിയായി മനസ്സിലാക്കിയത് ദൈവീകവെളിപ്പാടു കൊണ്ടായിരുന്നു. യോഹ.1:29-30. യോഹന്നാൻ യേശുവിനെ കണ്ടിട്ട് ഇതാ ലോകത്തിന്റെ പാപത്തെ ചുമക്കുന്ന കുഞ്ഞാട് എന്ന് വിളിച്ചു പറഞ്ഞത് യേശുവിന്റെ പരസ്യശുശ്രൂഷ കണ്ട ശേഷമല്ല പരസ്യജീവിതത്തിന് യേശു ഇറങ്ങുന്നതിനു മുമ്പാണ്. ആത്മാവിന്റെ പ്രേരണയാൽ യോഹന്നാൻ യേശുവിനെക്കുറിച്ച് പ്രവചിക്കുകയായിരുന്നു. ദൈവത്തിന്റെ കുഞ്ഞാടായി യേശുക്രിസ്തു മനുഷ്യ വർഗ്ഗത്തിനു വേണ്ടി യാഗമായി തീർന്ന് മനുഷ്യനെ ദൈവത്തോട് നിരപ്പിക്കുമെന്നാണ് യോഹന്നാൻ വിളിച്ചു പറഞ്ഞതിന്റെ സാരം.

## യോഹന്നാന്റെ മനോഭാവം

ലോക നേതാക്കൾ അവരിലേക്ക് മറ്റുള്ളവരെ ആകർഷിക്കുകയാണ് പതിവ്. യോഹന്നാനാകട്ടെ അവന്റെ ചെരിപ്പിന്റെ വാറ് അഴിക്കുവാൻ പോലും തനിക്ക് യോഗ്യതയില്ലെന്നും സമ്മതിക്കുന്നു. അവൻ വളരണം, ഞാനോ കുറയണം എന്നായിരുന്നു യോഹന്നാന്റെ ആഗ്രഹം. യോഹന്നാൻ ജനങ്ങളോട് ആഹ്വാനം ചെയ്തുകൊണ്ട് പറഞ്ഞത് ഇതാ നോക്കുക, അവനിലേക്ക് നോക്കുക എന്നായിരുന്നു. ഈ മനോഭാവമാണ് നമുക്കുണ്ടായിരിക്കേണ്ടത്.

## യോഹന്നാൻ യേശുവിനെ പരിചയപ്പെടുത്തുന്നു

മിസ്രയീമിൽ വെച്ച് യിസ്രയേൽ മക്കൾ

Who was his father? (Luke 1:57-59)

His mother Elizabeth and the mother of Jesus were relatives. Hence was can assume that John the Baptist had some information about Jesus from his parents. But John the Baptist had known Jesus in depth only with the divine revelation (John 1:32-34) and not after observing His public ministry. John the Baptist introduced Jesus as the Lamb of God who takes away the sin of the world. But he was prophesying in the Holy Spirit before Jesus entered in to the public ministry. His prophecy was about the atonement sacrifice of Jesus as the Lamb of God for the sin of the mankind in order to reconcile man with God.

## The attitude of John the Baptist

The world leaders, in general, try to capture the attention of the people. But John the Baptist, on the contrary, says that he is unworthy even to untie the sandals of Jesus. The desire of John the Baptist was "He must become greater; I must become less" (John 3:30). He was directing the people to Jesus asking them to look at Him. This should be our attitude as well.

## John the Baptist introduces Jesus

The people of Israel were delivered from Egyptian slavery with the blood of the Passover lamb. Later, the people of Israel continued to offer sacrifices for the forgiveness of their sins. In the same manner, Jesus, the Lamb of God, came to offer Himself as a sacrifice to redeem man from his sins. John the Baptist introduced Him as the Lamb of God, who takes away the sin of the world. All those who repent and believe in Him will be reconciled with God and assured a place in the Kingdom of God. Later, this was the same message preached by Jesus

മരണത്തിൽ നിന്ന് വിടുവിക്കപ്പെട്ടത് പെസഹാ കുഞ്ഞാടിന്റെ രക്തം മൂലമായിരുന്നു. തുടന്ന് അവർ മിസ്രയീമിന്റെ അടിമത്വത്തിൽ നിന്നും രക്ഷ പ്രാപിച്ചു. പിന്നീട് ദിവസം തോറും ദേവാലയത്തിൽ ഊനമില്ലാത്ത കുഞ്ഞാട് യിസ്രയേൽ മക്കളുടെ പാപപരിഹാരത്തിനു വേണ്ടി ബലി അർപ്പിക്കപ്പെട്ടുകൊണ്ടിരുന്നു. അപ്രകാരം യാഗമായി തീർന്നുകൊണ്ടിരുന്ന കുഞ്ഞാടുകളുടെ പൊരുളായി ദൈവത്തിന്റെ കുഞ്ഞാടായ ക്രിസ്തുയേശു വന്നിരിക്കുന്നു. ഇതാ ലോകത്തിന്റെ പാപത്തെ ചുമക്കുന്ന ദൈവത്തിന്റെ കുഞ്ഞാട് എന്ന് യോഹന്നാൻ യേശുവിനെ പരിചയപ്പെടുത്തി. മാനസാന്തരപ്പെട്ട് അവനിൽ വിശ്വസിക്കുന്നവർക്ക് ദൈവത്തോട് നിരപ്പും, സ്വർഗ്ഗരാജ്യത്തിൽ പ്രവേശനവും ലഭിക്കും. യോഹന്നാന്റെ ഈ സന്ദേശം തന്നെയാണ് തുടർന്ന് യേശുക്രിസ്തുവും അപ്പോസ്തലന്മാരും പ്രസംഗിച്ചത്. ലോകത്തിലുള്ള ക്രൈസ്തവസഭയുടെ എക്കാലത്തുമുള്ള അടിസ്ഥാന വിശ്വാസ പ്രമാണവും ഇതുതന്നെ. നിങ്ങൾ യേശുവിനെ നിങ്ങളുടെ പാപത്തെ ചുമന്നൊഴിച്ച ദൈവ കുഞ്ഞാടായി വിശ്വസിച്ച് പാപമോചനവും, രക്ഷാനിർണ്ണയവും, പ്രാപിക്കേണ്ടതത്രെ.ദൈവം മനുഷ്യനു വേണ്ടി ഒരുക്കിയിരിക്കുന്ന ഏക രക്ഷാമാർഗ്ഗം ഇതാകുന്നു. ഇതാ ദൈവത്തിന്റെ കുഞ്ഞാട്, നിങ്ങൾ അവനെ നോക്കുമോ....?

## യേശുവിന്റെ സ്നാനം ഒരു മാതൃക

തന്നെ ലോകരക്ഷകനായി ചൂണ്ടിക്കാണിച്ച യോഹന്നാന്റെ കൈക്കീഴിൽ യേശു സ്നാനമേൽക്കുവാൻ വരുന്നതായി കാണുന്നു. മത്തായി.3:13-17 മർക്കോസ്. 1:2-11 ലൂക്കോസ്. 3:21-22 യോഹന്നാൻ 1:29-34. യേശു സ്നാനമേറ്റത് സകല നീതിയും നിവർത്തിക്കുന്നതിനും, മനുഷ്യരായ നമ്മോട് ഏകീഭവിക്കുന്നതിനും, നമുക്ക് മാതൃക കാണിച്ചുതരുന്നതിനുമായിരുന്നു. യേശു യോർദ്ദാൻ നദിയിൽ മുങ്ങി സ്നാനമേറ്റു. വെള്ളത്തിൽ നിന്ന് പൊങ്ങിയപ്പോൾ സ്വർഗ്ഗം തുറക്കപ്പെടുന്നതും പരിശുദ്ധാത്മാവ് പ്രാവുപോലെ യേശുവിന്റെ മേൽ ആവസിക്കുന്നതും യോഹന്നാൻ കണ്ടു. നീ എന്റെ പ്രിയ പുത്രൻ നിന്നിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു എന്ന് സ്വർഗ്ഗത്തിൽ

and His disciples. This is the fundamental doctrine of the Church as well. You should repent of your sins, believe Jesus as the Lamb of God, who takes away your sins and be saved. This is the only way of salvation prepared for everyone in the world. Behold; the Lamb of God. Will you look unto Him?

## The baptism of Jesus, A model

We read that Jesus came to John the Baptist, who introduced Him to the world as the savior, to be baptized by him. (Matt 3:13-17, Mark 1:2-11. Luke 3:21-22, John 1:29-34). The baptism of Jesus was to set an example for us, to fulfill all righteousness and also to identify with man. He was baptized in river Jordan and when he was coming up out of water, John the Baptist had seen the Heaven being open and the Holy Spirit descending on Jesus in bodily form like a dove. And a voice heard from Heaven said, “you are my son, whom I love; with you I am well pleased.” This was the testimony of God the Father. If you are redeemed from your sins, the next step is baptism as the example set up by Jesus.

## Jesus who baptizes with the Holy Spirit and fire

John the Baptist had one more testimony about Jesus. He said, “He will baptize you with the Holy Spirit and with fire.” This was fulfilled on the day of Pentecost, in the upper room of Mark, after the death, resurrection and assenting of Jesus. Since then, God anoints His children with the Holy Spirit.

Have you been baptized with the Holy Spirit? If not, desire and pray earnestly. Baptism with the Holy Spirit is necessary to lead a holy life and also to be a witness of our Lord Jesus Christ. Remember the testimony of John the Baptist

നിന്ന് ഒരു ശബ്ദവും ഉണ്ടായി. ഇത് പിതാവാം ദൈവത്തിന്റെ സാക്ഷിയായിരുന്നു. നിങ്ങൾ യേശുക്രിസ്തുവിൽ വിശ്വസിച്ച് പാപമോചനവും രക്ഷയും അനുഭവമാക്കണം. മാത്രമല്ല യേശു കാണിച്ചുതന്ന മാതൃക പ്രകാരം സ്നാനപ്പെടുകയും ചെയ്യണം.

## യേശു പരിശുദ്ധാത്മാവിലും അഗ്നിയിലും സ്നാനപ്പെടുത്തുന്നവൻ

യോഹന്നാൻ സ്നാപകൻ യേശുവിനെക്കുറിച്ചു പറഞ്ഞ മറ്റൊരു സാക്ഷ്യം കൂടെയുണ്ട്. അവൻ നിങ്ങളെ പരിശുദ്ധാത്മാവിലും തീയിലും സ്നാനം കഴിപ്പിക്കുമെന്നായിരുന്നു അത്. ഇത് യേശുവിന്റെ മരണത്തിനും ഉയർപ്പിനും ശേഷം പെന്തക്കോസ്തുനാളിൽ മർക്കോസിന്റെ മാളികമുറിയിൽ നിറവേറി. അന്നുമുതൽ ഇന്നുവരെ ദൈവം തന്റെ മക്കൾക്ക് പരിശുദ്ധാത്മസ്നാനം നൽകിക്കൊണ്ടിരിക്കുന്നു. നിങ്ങൾ പരിശുദ്ധാത്മസ്നാനം പ്രാപിച്ചിട്ടുണ്ടോ? ഇല്ലെങ്കിൽ അതിനായി ആഗ്രഹിച്ച് പ്രാർത്ഥിക്കുക. വിശുദ്ധജീവിതം നയിക്കുന്നതിനും യേശുകർത്താവിനെ സാക്ഷിക്കുന്നതിനും പരിശുദ്ധാത്മസ്നാനം അഥവാ പരിശുദ്ധാത്മാഭിഷേകം നമുക്ക് അത്യാവശ്യമാകുന്നു. യോഹന്നാൻ സ്നാപകൻ യേശുവിനെക്കുറിച്ച് പറഞ്ഞ സാക്ഷ്യം എന്തായിരുന്നു എന്ന് ഓർക്കുക. യേശു ലോകത്തിന്റെ പാപത്തെ ചുമക്കുന്ന ദൈവ കുഞ്ഞാടായും പരിശുദ്ധാത്മ സ്നാനം നൽകുന്നവനായും നിങ്ങൾ അനുഭവിച്ചറിയുകയും അവന്റെ സാക്ഷികളായി ജീവിക്കുകയും ചെയ്യണം.

about Jesus. You should experience Him as the Lamb of God who takes away the sin and also as God who baptizes us with the Holy Spirit. And then we can be His bold witnesses.

**നിങ്ങൾക്ക് കുറിപ്പ് എഴുതാനുള്ള സ്ഥലം /**
***Write your notes here***

## പ്രവൃത്തി പരിചയം / WORK EXPERIENCE

### I. വിദ്യാർഥികളുമായി ചർച്ച ചെയ്യുക. Discuss with the students

1. യോഹന്നാൻ സ്നാപകന്റെ മാതാപിതാക്കളുടെ പേരു പറയുക? Name the parents of John the Baptist.

______________________________________________________________________

2. യോഹന്നാന്റെ ശുശ്രൂഷ എന്തായിരുന്നു? What was the ministry of John the Baptist?

______________________________________________________________________

3. യേശു ലോകത്തിന്റെ പാപത്തെ ചുമക്കുന്ന ദൈവകുഞ്ഞാടാണ് എന്നു പറയുന്നതിന്റെ അർത്ഥമെന്ത്? What does it mean to say "Jesus the Lamb of God who takes away the sins of the world"?

______________________________________________________________________

4. യേശുവിനെ യോഹന്നാൻ സ്നാപകൻ ഏതെല്ലാം നിലകളിൽ പുരുഷാരത്തിന് പരിചയപ്പെടുത്തി? How did John the Baptist introduce Jesus to the people?

______________________________________________________________________

5. യേശു സ്നാനം ഏറ്റത് ആരുടെ കൈക്കീഴിൽ? എവിടെ വെച്ചായിരുന്നു? Who baptized Jesus? Where?

______________________________________________________________________

6. യേശുവിന്റെ സ്നാന സമയത്ത് എന്തെല്ലാം സംഭവിച്ചു? What are the events that happened when Jesus was baptized?

______________________________________________________________________

7. പരിശുദ്ധാത്മാവിലും അഗ്നിയിലും സ്നാനം കഴിപ്പിക്കുന്നവൻ ആര്? Who baptizes with the Holy Spirit and fire?

______________________________________________________________________

**II.** **യോഹന്നാൻ സ്നാപകൻ യേശുവിനെ ഏതെല്ലാം നിലകളിൽ ജനത്തിനു പരിചയപ്പെടുത്തി. യോഹന്നാന്റെ ശുശ്രൂഷകൾ എന്തെല്ലാം എന്ന് ചുരുക്കത്തിൽ എഴുതുക. Write short note on the different ways John introduced Jesus to the world and the ministries of John the Baptist.**



..............................................................................................

..............................................................................................

..............................................................................................

..............................................................................................

..............................................................................................

..............................................................................................

..............................................................................................

..............................................................................................

..............................................................................................

..............................................................................................

..............................................................................................

..............................................................................................

**III.** **ചുവടെ ചേർത്തിരിക്കുന്ന വൃക്ഷത്തിൽ സ്ഥാപിച്ചിരിക്കുന്ന കൊടികളിൽ ഈ പാഠത്തിൽ പ്രതിപാദിക്കുന്ന വ്യക്തികളുടെയും സ്ഥലങ്ങളുടെയും പേരുകൾ എഴുതി നിറം കൊടുക്കുക. Write the names of the individuals and the places you studied in this lesson on the flags hosted on the tree below .**

